**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5404** **12-08-2021 - ൽ മറുപടിയ്ക്ക്**

**മുക്കുപണ്ടം പണയം വച്ച് വായ്പ തട്ടിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ. കെ. പി. എ. മജീദ്,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ എ കെ എം അഷ്‌റഫ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിൽ മുക്കുപണ്ടം പണയം വച്ച് വായ്പ തട്ടിപ്പ് നടക്കുന്നതായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. തിരുവനന്തപുരം അയിരൂപ്പാറ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ മുതലിനത്തിൽ 3,24,54,000/- രൂപയുടെ ക്രമക്കേട് കണ്ടെത്തുകയും ആയതിൻമേൽ അന്വേ ഷണം നടത്തിവരികയും ചെയ്യുന്നു. ആർബിട്രേഷൻ ഫയൽ ചെയ്ത കേസുകളിൽ എക്സിക്യൂഷൻ നടപടികളും നടന്നു വരുന്നു. തിരുവനന്തപുരം ജില്ല ടൂറിസം വർക്കേഴ്സ് വെൽഫയർ സഹകരണസംഘത്തിൽ മുതലിനത്തിൽ 40,31,900/- രൂപയുടെ ക്രമക്കേട് നടത്തിയിട്ടുള്ളതും ആയത് ഈടാക്കുന്നതിന് സംഘം ബന്ധപ്പെട്ട കക്ഷികളിൽ നിന്നും 40 സെന്റ് വസ്തു അറ്റാച്ച് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൊല്ലം കൊല്ലം ജില്ലയിൽ കൊല്ലം സിറ്റി സർവ്വീസ് സഹകരണ ബാങ്കിലെ സെക്ര ട്ടറിയായിരുന്ന ശ്രീമതി.ഷീജാകുമാരി മുക്ക് പണ്ടം പണയം വച്ച് തട്ടിപ്പ് നടത്തിയത് ശ്രദ്ധയിൽപെടുകയും വകുപ്പുതല അന്വേ ഷണം നടത്തി സർചാർജ്ജ് ഉത്തരവുകൾ നൽകുകയും പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. ടി ജീവനക്കാരിയെ ബാങ്ക് സേവനത്തിൽ നിന്നും പിരിച്ചു വിടുകയും തുകകൾ ഈടാക്കിയെടുക്കു ന്നതിന് അന്യായം ഫയൽചെയ്യുകയും ചെയ്തിട്ടുണ്ട്. കോട്ടയം ചെങ്ങളം സർവ്വീസ് സഹകരണ ബാങ്കിൽ 3,96,600/- രൂപ മനോജ് എം. എന്നയാൾ മുക്കുപണ്ടം പണയം വച്ച് സ്വർണ്ണ വായ്പ എടുക്കുകയും ടിയാൾ ക്കെതിരെ 18.11.2017 ന് 1309/2017, 151310/2017 എന്നീ നമ്പറുകളിലായി പോലീസ് കേസ് ഫയൽ ചെയ്തിട്ടുണ്ട്. 2015-16 വർഷം കുമരകം റീജിയണൽ സർവ്വീസ് സഹകരണ ബാങ്കിന്റെ ഹെഡ് ആഫീസിൽ സ്വർണ്ണപ്പണയ വായ്പയിൽ മുൻ |

ജീവനക്കാരായിരുന്ന ലീലാമണി പി.സി., ഇന്ദിരാഭായി കെ.ആർ. എന്നിവർ 19,53,900/- രൂപയുടെ ക്രമക്കേട് നടത്തുകയും ആയതിൻമേൽ സഹകരണ നിയമം 66(1) പ്രകാരം അന്വേഷണം നടത്തി ടി തുക പ്രസ്തുത ജീവനക്കാരിൽ നിന്നും ഈടാക്കുകയും ടിയാളുകൾക്കെതിരെ 1323/18 നമ്പരായി ക്രിമിനൽ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ഏഴാച്ചേരി സർവ്വീസ് സഹകരണ ബാങ്കിൽ 3 വായ്പകളിലായി 19,400/- രൂപയും കൊട്ടുവഴനാൽ സർവ്വീസ് സഹകരണ ബാങ്കിൽ 3 വായ്പകളിലായി 2,68,000/- രൂപയും മുക്കുപണ്ടം തട്ടിപ്പ് കണ്ടെത്തുകയും ടി തുകകൾ കക്ഷികളിൽ നിന്ന് ഈടാക്കി വായ്പ ക്ലോസ് ചെയ്തിട്ടുള്ളതുമാണ്. കിഴതടിയൂർ സർവ്വീസ് സഹകരണ ബാങ്കിൽ 7 വായ്പകളിലായി 4,99,000/- രൂപയുടെ മുക്കുപണ്ട ക്രമക്കേടിന്മേൽ നിലവിൽ പാലാ മജിസ്ട്രേറ്റ് കോടതിയിൽ 712/16 നമ്പരായി കേസ് തുടർന്നു വരുന്നു. തലപ്പലം സർവ്വീസ് സഹകരണ ബാങ്കിൽ 2 വായ്പകളിലായി 90,000/- രൂപയുടെ മുക്കുപണ്ട ക്രമക്കേട് കണ്ടെത്തുകയും ഈരാറ്റുപേട്ട പോലീസ് പ്രതിയെ അറസ്റ്റ് ചെയ്ത് കേസ് തുടർന്നു വരുന്നു. ഈരാറ്റുപേട്ട സർവ്വീസ് സഹകരണ ബാങ്കിൽ 3,21,452/- രൂപയുടെ മുക്കുപണ്ട പണയ ക്രമക്കേടിൽ തുക ഈടാക്കി യിട്ടുള്ളതും കേരള സഹകരണ നിയമം വകുപ്പ് 66(2) പ്രകാരം അന്വേഷണം തുടർന്നു വരുകയും ചെയ്യുന്നു. ഇടുക്കി ഇടുക്കി ജില്ലയിലെ തങ്കമണി സർവ്വീസ് സഹകരണ ബാങ്കിൽ 30.07.2019 ന് നടത്തിയ പരിശോധനയിൽ 5 അംഗ ങ്ങൾ 25 വായ്പകളിലായി 501.7 ഗ്രാം മുക്കുപണ്ടം പണയപ്പെടുത്തി 10,86,000/- രൂപ എടുത്തിട്ടുണ്ട്. തുടർന്ന് തങ്കമണി പോലീസ് സ്റ്റേഷനിൽ 0145/2019 നമ്പരായി കേസ് ഫയൽ ചെയ്യുകയും ടി കക്ഷികൾക്കെതിരെ ആർബിട്രേഷൻ കേസ് ഫയൽ ചെയ്തിട്ടുള്ളതുമാണ്. എറണാകുളം മലയിടം തുരുത്ത് സർവ്വീസ് സഹകരണ ബാങ്കിൽ 91.900 ഗ്രാം വ്യാജസ്വർണ്ണം പണയം വച്ച് 2,06,700/- രൂപ വായ്പ എടുത്തിട്ടുള്ളതായി കണ്ടെത്തുകയും ആയത് സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ഉത്തരവാദപ്പെട്ട ജീവനക്കാർക്കെതിരെ ശിക്ഷണ നടപടി കൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. പിണ്ടിമന സർവ്വീസ് സഹകരണ ബാങ്കിൽ 2014 വർഷം മുക്കുപണ്ടം പണയം വച്ച് 83.5 ലക്ഷം രൂപയുടെ തട്ടിപ്പ് കണ്ടെത്തുകയും പ്രസ്തുത തുകകൾ പണയം വച്ച വ്യക്തികളിൽ നിന്ന് ഈടാക്കി വായ്പ കണക്ക് അവസാനിപ്പിച്ചിട്ടുള്ളതും ഉത്തര വാദപ്പെട്ട

ജീവനക്കാർക്കെതിരെ ചട്ടം 198 പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. മാഞ്ഞാലി സർവ്വീസ് സഹകരണ ബാങ്കിൽ 2020-21 വർഷത്തിൽ 20,19,000/- രൂപയുടെ വ്യാജസ്വർണ്ണ പണ്ട പണയം കണ്ടെത്തുകയും ഉത്തരവാദപ്പെട്ട ജീവന ക്കാരിൽ നിന്നും തൊട്ടടുത്ത പ്രവൃത്തി ദിവസം ഈടാക്കിയിട്ടുള്ളതും ക്രിമിനൽ കേസ് ഫയൽ ചെയ്തിട്ടുള്ളതുമാണ്. മലപ്പുറം മലപ്പുറം ജില്ലയിൽ താനാളൂർ സഹകരണ ബാങ്കിൽ 7,57,421/- രൂപയുടെ വ്യാജ സ്വർണ്ണം പണയം വയ്ക്കുകയും പ്രസ്തുത തുക തിരികെ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ടി ബാങ്കിലെ അപ്രൈസറെ പിരിച്ചുവിടുകയും സെക്രട്ടറിയെ അസിസ്റ്റന്റ് സെക്രട്ടറി യായി തരം താഴ്ത്തുകയും ആരോപണ വിധേയരായ മറ്റ് ജീവനക്കാരുടെ ഇൻക്രിമെന്റ് തടഞ്ഞുവയ്ക്കുകയും ചെയ്തി ട്ടുണ്ട്. ഇത് സംബന്ധിച്ച് താനൂർ പോലീസ് സ്റ്റേഷനിൽ 93/2017 നമ്പരായി കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ആനമങ്ങാട് സഹകരണ ബാങ്കിൽ 1.75 ലക്ഷം രൂപയുടെ ക്രമക്കേട് നടന്നിട്ടുണ്ട്. 02.08.2018 ന് FIR No. 572/2018 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കോഴിക്കോട് കോഴിക്കോട് ജില്ലയിൽ വടകര ബ്ലോക്ക് എംപ്ലോയീസ് സഹകരണ സംഘത്തിൽ 4 വായ്പകളിലായി 1,45,300/- രൂപയുടെയും പുറമേരി സർവ്വീസ് സഹകരണ ബാങ്കിൽ ഒരു വായ്പയിൽ 80,000/- രൂപയുടെയും കാലിക്കറ്റ് കോ-ഓപ്പറേറ്റീവ് ഫാംസ് ഫീഡ്സ് ആന്റ് അഗ്രിക്കൾച്ചറൽ ഇൻഡസ്ട്രിയൽ സൊസൈറ്റിയിൽ 5,05,000/- രൂപയുടെയും പെരുമണ്ണ സർവ്വീസ് സഹകരണ ബാങ്കിന്റെ കുറ്റിക്കാട്ടൂർ ശാഖയിൽ 1,70,000/- രൂപയുടെയും കാലിക്കറ്റ് സിറ്റി സർവ്വീസ് സഹകരണ ബാങ്കിൽ മൂന്ന് വായ്പകളിലായി 4,95,500/- രൂപയുടെയും ക്രമക്കേടുകൾ കണ്ടെത്തുകയും ആയത് നടപടികൾക്കായി പോലീസിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. വയനാട് 2009 കാലഘട്ടത്തിൽ സുൽത്താൻ ബത്തേരി, മാനന്തവാടി താലൂക്കുകളിൽ മാനന്തവാടി ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, മാനന്തവാടി താലൂക്ക് എംപ്ലോയിസ് സഹകരണ സംഘം, പുൽപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക്, പൂതാടി സർവ്വീസ് സഹകരണ ബാങ്ക് എന്നീ സംഘങ്ങളിൽ ക്രമക്കേട് റിപ്പോർട്ട് ചെയ്യപ്പെടുകയും ആയത് സംബന്ധിച്ച് വകുപ്പുതല ക്രമിനൽ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ മേൽ കേസുകൾ കോടതിയുടെ പരിഗണനയിലാണ്. കണ്ണൂർ കണ്ണൂർ ജില്ലയിലെ ഇരിട്ടി പബ്ലിക്ക്

| | | | |
|---|---|---|---|
| | | | സർവന്റ്സ് സഹകരണ സംഘം, പേരാവൂർ റീജിയണൽ സർവ്വീസ് സഹകരണ ബാങ്ക്, മണത്തണ സർവ്വീസ് സഹകരണ ബാങ്ക്, കരിവെള്ളൂർ സോഷ്യൽ വെൽഫെയർ സഹകരണ സംഘം, ചക്കരക്കൽ അർബൻ സഹകരണ സംഘം എന്നിവിടങ്ങളിൽ ക്രമക്കേടുകൾ ശ്രദ്ധയിൽപെടുകയും കുറ്റക്കാർക്കെതിരെ ക്രിമിനൽ കേസ് ഫയൽ ചെയ്യുകയും സംഘങ്ങൾക്ക് ലഭിക്കേണ്ട തുക ഈടാക്കുന്നതിന് വകുപ്പ് 78 പ്രകാരമുള്ള നടപടികളും ആർബി ട്രേഷൻ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കാസർഗോഡ് പീലിക്കോട് സഹകരണ ബാങ്കിൽ 2015-16 കാലയളവിൽ മുക്കുപണ്ടം പണയപ്പെടുത്തി 1,15,97,527/- രൂപയുടെ വായ്പ തട്ടിപ്പ് നടത്തുകയും വകുപ്പ് 68(1) പ്രകാരം അന്വേഷണം നടത്താൻ ഹോസ്ദുർഗ് അസിസ്റ്റന്റ് രജിസ്ട്രാറിനെ ചുമതല പ്പെടുത്തി കാസർഗോഡ് ജോയിന്റ് രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുമുണ്ട്. ടി ജില്ലയിലെ ഉദുമ വനയാൽ അർബൻ സഹകരണ സംഘത്തിൽ കണ്ടെത്തിയ ക്രമക്കേടുകളിന്മേൽ വകുപ്പുതല അന്വേഷണവും ആർബിട്രേഷൻ നടപടികളും നടന്നു വരുകയും മുട്ടത്തോടി സർവ്വീസ് സഹകരണ ബാങ്കിൽ 3.92 കോടി രൂപയുടെ ക്രമക്കേട് കണ്ടെത്തുകയും 3.44 കോടി രൂപ തിരികെ ലഭിക്കാനുള്ള തുമാണ്. വകുപ്പ് 66 പ്രകാരം അന്വേഷണം നടത്തി, വകുപ്പ് 68 പ്രകാരം സർചാർജ്ജ് ഉത്തരവ് പുറപ്പെടുവിക്കുകയും ആയതി നെതിരെ ബാങ്ക് ബഹു. ഹൈക്കോടതിയെ സമീപിക്കുകയും, കോടതി സർക്കാരിനെ സമീപിക്കാൻ നിർദ്ദേശിച്ചതിന്റെ അടി സ്ഥാനത്തിൽ ബാങ്ക് സർക്കാരിലേയ്ക്ക് അപ്പീൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മജ്ബയിൽ സർവ്വീസ് സഹകരണ സംഘത്തിൽ മുക്കുപണ്ടം പണയം വച്ച് അപ്രൈസറായിരുന്നയാളും മറ്റ് ഏഴ പേരും ചേർന്ന് 51,02,700/- രൂപയുടെ പണാപഹരണം നടത്തുകയും ബാങ്ക് പോലീസിൽ കേസ് ഫയൽ ചെയ്യുകയും അറസ്റ്റ് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നു. |
| (ബി) | ഇത്തരം തട്ടിപ്പുകാർക്ക് കൂട്ടുനിൽക്കുന്നവർക്കെതിരെ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള സംസ്ഥാന സഹകരണനിയമം വകുപ്പ് 65/66 പ്രകാരമുള്ള അന്വേഷണം നടത്തുകയും തുടർന്ന് കേരള സംസ്ഥാന സഹകരണ നിയമം വകുപ്പ് 68(1) പ്രകാരമുള്ള അന്വേഷണം നടത്തി ബാധ്യത തിട്ടപ്പെടുത്തിയ ശേഷം ബന്ധപ്പെട്ടവരുടെ പേരിൽ കേരള സംസ്ഥാന സഹകരണ നിയമം വകുപ്പ് 68(2) |

| | | | |
|---|---|---|---|
| | | | പ്രകാരമുള്ള സർചാർജ്ജ് നടപടികളും സിവിൽ, ക്രിമിനൽ നിയമ നടപടികളും സ്വീകരിച്ചുവരുന്നു. |
| (സി) | ഈ രീതിയിലുള്ള തട്ടിപ്പുകൾ തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കുമോ? | (സി) | സഹകരണ സ്ഥാപനങ്ങളിലെ ഇത്തരം തട്ടിപ്പുകൾക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ